DESPATCHED 29/11/22



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 1421(1)/2022/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

(ഫയൽ നമ്പർ: 11778/SIC-G4/2022)

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

സന്നിഹിതൻ

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 നവംബർ 23**

ശ്രീ. സന്തോഷ്കുമാർ വി.,
ഹൗസ് നമ്പർ: 70,
കാക്കനാട് ലെയ്ൻ,
കേശവദാസപുരം, പട്ടം പി.ഒ.,
തിരുവനന്തപുരം – 4.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഫൈനാൻസ് മാനേജർ,
ഹാൻടെക്സ്,
ഊറ്റുക്കുഴി, തിരുവനന്തപുരം – 695 001.

2) അപ്പീൽ അധികാരി &
മാനേജിംഗ് ഡയറക്ടർ,
ഹാൻടെക്സ്,
ഊറ്റുക്കുഴി, തിരുവനന്തപുരം – 695 001.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 26/03/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 26/04/2022, 06/05/2022 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 06/06/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 06/07/2022 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 29/07/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 29/07/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 20/08/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 20/09/2022 |
| ഹിയറിംഗ് നടന്ന തീയതി | 23/11/2022 –വീഡിയോ/ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എതിർകക്ഷികൾ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. സന്തോഷ്കുമാർ വി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ ഒന്നാം അപ്പീൽ അധികാരിയിൽ നിന്നും വ്യക്തവും തൃപ്തികരവുമായ മറുപടി ലഭിച്ചില്ല എന്നും ആയതിനാൽ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾക്ക് വ്യക്തവും തൃപ്തികരവുമായ മറുപടി ലഭിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 26.03.2022-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. പട്ടികവർഗ്ഗ വികസന വകുപ്പിനുവേണ്ടി ഹാൻടെക്സിൽ 2020 ഓണക്കാലയളവിൽ Double Veshty, Matching Set (സെറ്റുംമുണ്ട്), Thorth തുണിത്തരങ്ങളുടെ സംഭരണം നടന്നിട്ടുണ്ടോ? എവിടെ നിന്നൊക്കെയാണ് സംഭരിച്ചത്, സംഭരണത്തിന് ചുമതല ഉണ്ടായിരുന്ന ഉദ്യോഗസ്ഥന്റെ പേരുവിവരം എന്നീ വിവരങ്ങൾ നൽകണമെന്നും സംഭരിച്ച് വിതരണം ചെയ്ത സെറ്റുംമുണ്ട്, തോർത്ത് തുണിത്തരങ്ങളുടെ സംഭരണ ബിൽ പകർപ്പുകൾ നൽകണമെന്നും

ii. 2020 സ്നേഹക്കോടി ബൾക്ക് ഓർഡറുമായി ബന്ധപ്പെട്ട് പട്ടികവർഗ്ഗ വികസന വകുപ്പുമായി റേറ്റിൽ നെഗോസിയേഷൻ നടന്നിട്ടുണ്ടോ, നെഗോസിയേഷൻ ചർച്ചയിൽ ഹാൻടെക്സിൽ നിന്നും ഹാജരായവർ ആരൊക്കെയാണ്. ടി സ്ഥാപനത്തിൽ നിന്നും സപ്ലൈ ഓർഡർ ലഭിച്ചിട്ടുണ്ടോ എന്നും പ്രസ്തുത സപ്ലൈ ഓർഡർ സെൻട്രൽ ഡിപ്പോ നമ്പർ: 2-ന് രേഖാമൂലം നൽകിയിട്ടുണ്ടോ, എന്നാണ് നൽകിയത്, സപ്ലൈ ഓർഡർ, ഡിസ്ട്രിബ്യൂഷൻ ചാർട്ട് എന്നിവ രേഖാമൂലം സി.ഡി.നം.2 കൈപ്പറ്റിയിട്ടുള്ള രേഖയുടെ പകർപ്പ് എന്നീ വിവരങ്ങൾ നൽകണമെന്നും

iii. മേൽ സംഭരണം ഒരു സ്പെഷ്യൽ പ്രൊക്യൂർമെന്റ് ആയിരുന്നോ, പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ സപ്ലൈ ഓർഡർ പ്രകാരം ആവശ്യമായ തുണിത്തരങ്ങൾ സംഭരിച്ചു തരുന്നതിനു സെൻട്രൽ ഡിപ്പോ നം.2 മാനേജർ അപേക്ഷ നൽകിയിട്ടുണ്ടോ, ഉണ്ടെങ്കിൽ അപേക്ഷയുടെ പകർപ്പ്, ഹാൻടെക്സ് അംഗീകരിച്ച ഇൻഡന്റ്/പർച്ചേസ് ഓർഡർ പ്രകാരമാണോ സംഭരണം നടന്നത്, 2020 സ്നേഹക്കോടി സംഭരണ-വിതരണവുമായി ബന്ധപ്പെട്ടുള്ള നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനു വേണ്ടി എന്തെങ്കിലും ചുമതല ഏതെങ്കിലും ഉദ്യോഗസ്ഥന് രേഖാമൂലം നൽകിയിട്ടുണ്ടായിരുന്നോ, ഉണ്ടെങ്കിൽ ആ ഉത്തരവിന്റെ പകർപ്പ് എന്നീ വിവരങ്ങൾ നൽകണമെന്നും മറ്റുമായി 7 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 26.04.2022 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, അപേക്ഷയിൽ ധാരാളം ചോദ്യങ്ങളുള്ളതിനാൽ മറുപടി നൽകുന്നതിന് രണ്ടാഴ്ച സാവകാശം ആവശ്യമാണെന്നുമാണ്. 06.05.2022 തീയതി

ഒന്നാം എതിർകക്ഷി വിവരം നൽകിയതായി കാണുന്നു. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ 6.6.2022 തീയതി അപ്പീൽ അപേക്ഷ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി 6.7.2022 തീയതി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, എസ്.പി.ഐ.ഒ.യുടെ തീരുമാനം എന്ത് കാരണത്താലാണ് ശരിയല്ലാത്തതെന്ന് ഹർജിക്കാരന്റെ അപ്പീലിൽ വ്യക്തമാക്കിയിട്ടില്ല. എസ്.പി.ഐ.ഒ. നൽകിയ മറുപടി പരിശോധിച്ചതിൽ നിന്നും ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ സ്ഥാപനത്തിന്റെ കച്ചവട രഹസ്യങ്ങളെ കുറിച്ചുള്ളതാണെന്നും, ആയത് നൽകുന്നത് സ്ഥാപനത്തിന്റെ വ്യാവസായിക മത്സരത്തിന് ഹാനികരമാകും എന്നും കാണുന്നു. ആയതിനാൽ എസ്.പി.ഐ.ഒ.യുടെ ഉത്തരവ് നിയമപരമാണെന്ന് കണ്ടതിനാൽ അപ്പീൽ നിരസിച്ചു ഉത്തരവായിട്ടുള്ളതാണെന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 20.9.2022-ന് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. സന്തോഷ് കുമാർ 26.3.2022-ന് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ മുമ്പാകെ സമർപ്പിച്ച അപേക്ഷ പരിഗണിച്ച എസ്.പി.ഐ.ഒ. ആവശ്യപ്പെട്ട വിവരങ്ങൾ വ്യാവസായിക രഹസ്യം ആയതിനാലും വ്യക്തിപരമായ വിവരം ആയതിനാലും ആവശ്യപ്പെട്ട റിപ്പോർട്ട് fiduciary relationship -ൽ വരുന്നതിനാലും 8(1)(ഡി)(ജെ)(ഇ) വകുപ്പുകൾ പ്രകാരം നിരസിക്കുകയുണ്ടായി. ശ്രീ. സന്തോഷ് കുമാർ 6.6.2022-ൽ എസ്.പി.ഐ.ഒ.യുടെ ഉത്തരവിനെതിരെ അപ്പീൽ നൽകി. പ്രസ്തുത അപ്പീലിൽ എസ്.പി.ഐ.ഒ.യുടെ തീരുമാനം നിയമപരമായി ശരിയല്ല എന്ന ഒരു തർക്കവും ഉന്നയിച്ചിരുന്നില്ല. ആവശ്യപ്പെട്ട വിവരങ്ങൾ വ്യാവസായിക രഹസ്യമോ വ്യക്തിപരമോ, fiduciary relationship -ൽ വരുന്നതോ അല്ല എന്ന തർക്കവും ഉന്നയിച്ചിരുന്നില്ല. അപേക്ഷയും എസ്.പി.ഐ.ഒ.യുടെ ഉത്തരവും പരിഗണിച്ചതിൽ എസ്.പി.ഐ.ഒ.യുടെ തീർപ്പ് നിയമപരമാണെന്ന് കണ്ടതിനാൽ അപ്പീൽ നിരസിച്ചു എന്നും ഹാന്റക്സ് നടത്തിയ തുണി സംഭരണവുമായി ബന്ധപ്പെട്ട വിവരങ്ങൾ, ബില്ലുകൾ, മറ്റൊരു സ്ഥാപനവുമായി നടത്തിയ കച്ചവടം, മാനേജർ നൽകിയ റിപ്പോർട്ട് തുടങ്ങിയ വിവരങ്ങളും വ്യക്തിപരമായ വിവരങ്ങളുമാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ആയതിന് പ്രത്യേകിച്ച് പൊതുജന താത്പര്യം ഉള്ളതായി കാണാത്തതിനാലാണ് നിയമപ്രകാരം അപേക്ഷ നിരസിച്ചിട്ടുള്ളതെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെയും, ഹർജിക്കാരനേയും എതിർകക്ഷികളേയും കേട്ടതിന്റെയും അടിസ്ഥാനത്തിൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൻമേൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ബിസിനസ് രഹസ്യങ്ങളായതിനാൽ നൽകാൻ കഴിയില്ല എന്ന എസ്.പി.ഐ.ഒ.യുടേയും അപ്പീൽ അധികാരിയുടെയും നിലപാടുകൾ അംഗീകരിക്കാൻ കഴിയത്തക്കതല്ല എന്ന് കമ്മീഷൻ വിലയിരുത്തുന്നു. ഫയലിൽ

പൂർത്തികരിച്ചതോ അന്തിമ തീരുമാനമെടുത്തതുമായ വിവരങ്ങൾ/രേഖകൾ ലഭ്യമാണെങ്കിൽ ആയത് പരാതിക്കാരനുമായി പങ്ക് വയ്ക്കുകയോ നൽകുകയോ വേണം. ഈ സാഹചര്യത്തിൽ പരാതിക്കാരന് രേഖകൾ/ഫയൽ നേരിട്ട് പരിശോധിക്കുന്നതിനും രേഖകളുടെ പകർപ്പെടുക്കുന്നതിനും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറും/അപ്പീൽ അധികാരിയും ഒരു അവസരം നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. അതോടൊപ്പം ഹാൻഡക്സിൽ ബിസിനസുമായി ബന്ധപ്പെട്ട് ഫയലിൽ നടപടിക്രമങ്ങൾ പൂർത്തിയാകാത്ത വിവരങ്ങൾ ഹർജിക്കാരന് നൽകേണ്ടതില്ലെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു. മേൽ പരാമർശിച്ച നിർദ്ദേശം നടപ്പിലാക്കിയത് സംബന്ധിച്ച റിപ്പോർട്ട് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ 11.12.2022–നകം കമ്മീഷനിൽ ലഭ്യമാക്കേണ്ടതാണ്.

6. മേൽ നിർദ്ദേശിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 നവംബർ മാസം 23–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി